**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 177** **07-10-2024 - ൽ മറുപടിയ്ക്ക്**

**തീരദേശ പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019 -ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ അംഗീകാരത്തിനായി കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥ വ്യതിയാന വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; ആയതിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ; | (എ) | സംസ്ഥാനം തയ്യാറാക്കി സമർപ്പിച്ച തീരദേശ പരിപാലന പ്ലാനിന് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് ഉടനെ ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | സി .ആർ .ഇസഡ് (കോസ്റ്റൽ റെഗുലേഷൻ സോൺ) മൂന്നിൽ നിന്ന് സി . ആർ. ഇസഡ് രണ്ടിലേക്ക് മാറ്റുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ശിപാർശ ചെയ്ത നഗരസ്വഭാവമുള്ള 175 ഗ്രാമപഞ്ചായത്തുകളിൽ കണ്ണൂർ ജില്ലയിൽ നിന്നും ഏതൊക്കെ പഞ്ചായത്തുകളാണ് ഉൾപ്പെട്ടിരിക്കുന്നത്; ഇതിൽ ഏതൊക്കെ പഞ്ചായത്തുകൾക്കാണ് കേന്ദ്രത്തിന്റെ അംഗീകാരം ലഭ്യമായിട്ടുള്ളത്; | (ബി) | സി .ആർ .ഇസഡ് (കോസ്റ്റൽ റെഗുലേഷൻ സോൺ) മൂന്നിൽ നിന്ന് സി . ആർ. ഇസഡ് രണ്ടിലേക്ക് മാറ്റുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ശിപാർശ ചെയ്ത നഗരസ്വഭാവമുള്ള 175 ഗ്രാമപഞ്ചായത്തുകളിൽ അഴീക്കോട്, ചെറുകുന്ന്, ചിറക്കൽ, ചൊക്ലി, കല്ലിശ്ശേരി, കണ്ണപുരം, മാട്ടൂൽ, ന്യൂ മാഹി, പാപ്പിനിശ്ശേരി, രാമന്തളി, വളപട്ടണം, അഞ്ചരകണ്ടി, ചെമ്പിലോട്, ചെറുത്താഴം, ധർമ്മടം, എരഞ്ഞോളി, ഏഴോം, കടമ്പൂർ, കടന്നപ്പള്ളി-പാണാപ്പുഴ, കതിരൂർ, കരിവെള്ളൂർ-പേരളം, കീഴല്ലൂർ, കോലഞ്ചേരി, കുഞ്ഞിമംഗലം, കുറുമാത്തൂർ, മാടായി, മയ്യിൽ, മുഴപ്പിലങ്ങാട്, നാറാത്ത്, പരിയാരം, പേരളശ്ശേരി, പിണറായി, വേങ്ങാട് എന്നിങ്ങനെ കണ്ണൂർ ജില്ലയിൽ നിന്നും 33 പഞ്ചായത്തുകളാണ് ഉൾപ്പെട്ടിരുന്നത്. ഇതിൽ അഴീക്കോട്, ചെറുകുന്ന്, ചിറക്കൽ, ചൊക്ലി, കല്ലിശ്ശേരി, കണ്ണപുരം, മാട്ടൂൽ, ന്യൂ മാഹി, പാപ്പിനിശ്ശേരി, രാമന്തളി, വളപട്ടണം തുടങ്ങിയ 11 പഞ്ചായത്തുകൾക്കാണ് കേന്ദ്രത്തിന്റെ അംഗീകാരം ലഭ്യമായിട്ടുള്ളത്. |
| (സി) | നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി യോഗത്തിൽ സംസ്ഥാന സർക്കാർ സമർപ്പിച്ച ഏതൊക്കെ പദ്ധതികൾക്കാണ് അംഗീകാരം ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാനം തയ്യാറാക്കി സമർപ്പിച്ച തീരദേശ പരിപാലന പ്ലാനിന് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് ഉടൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ